"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ശ്രീ. രൂപേഷ് കുമാർ കെ യ്ക്ക് 2026 മാർച്ച് 7 മുതൽ 10 വരെ അരുണാചൽ പ്രദേശ് -വെസ്റ്റ് കാമെങ് ജില്ലയിലെ ഷെർഗാവിൽ വച്ച് നടക്കുന്ന രണ്ടാമത്തെ അരുണാചൽ പ്രദേശ് ഉത്തരവാദിത്ത ടൂറിസം മീറ്റ് - ഇക്കോ ഹാർമണി ഫെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള യാത്രാനുമതി നൽകി ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.154/2026/TSM തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 23.02.2026 തീയതിയിലെ കെ.ആർ.ടി.എം.എസ്/54/2025 നം കത്ത്.

**ഉത്തരവ്**

2026 മാർച്ച് 7 മുതൽ 10 വരെ അരുണാചൽ പ്രദേശ് -വെസ്റ്റ് കാമെങ് ജില്ലയിലെ ഷെർഗാവിൽ വച്ച് നടക്കുന്ന രണ്ടാമത്തെ അരുണാചൽ പ്രദേശ് ഉത്തരവാദിത്ത ടൂറിസം മീറ്റ് - ഇക്കോ ഹാർമണി ഫെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള അനുമതിയും, യാത്ര തീയതികൾ ഉൾപ്പെടെ 2026 മാർച്ച് 6 മുതൽ 12 വരെ ഓൺ ഡ്യൂട്ടി ആയി പരിഗണിച്ചുകൊണ്ട് കെ ആർ ടി എം സൊസൈറ്റി സംസ്ഥാന ഓഫീസിൽ നിന്നും വിട്ട് നിൽക്കുന്നതിനുമുള്ള അനുമതിയും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.Biodiversity & Culinary Trails എന്ന പ്രമേയത്തെ ആസ്പദമാക്കി നടത്തുന്ന ഈ സമ്മേളനത്തിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി പങ്കുചേരുന്നത് സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ സഹായിക്കും എന്നതിനാൽ, 2026 മാർച്ച് 7 മുതൽ 10 വരെ അരുണാചൽ പ്രദേശ് -വെസ്റ്റ് കാമെങ് ജില്ലയിലെ ഷെർഗാവിൽ വച്ച് നടക്കുന്ന രണ്ടാമത്തെ അരുണാചൽ പ്രദേശ് ഉത്തരവാദിത്ത ടൂറിസം മീറ്റ് - ഇക്കോ ഹാർമണി

ഫെസ്റ്റിൽ പങ്കെടുക്കുന്നതിനും, യാത്ര തീയതികൾ ഉൾപ്പെടെ 2026 മാർച്ച് 6 മുതൽ 12 വരെ ഓൺ ഡ്യൂട്ടി ആയി പരിഗണിച്ചുകൊണ്ട് കെ ആർ ടി എം സൊസൈറ്റി സംസ്ഥാന ഓഫീസിൽ നിന്നും വിട്ട് നിൽക്കുന്നതിനും കെ.ആർ.ടി.എം സൊസൈറ്റി, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ശ്രീ. രൂപേഷ് കുമാർ കെ യ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള എല്ലാ ചെലവുകളും പരിപാടിയുടെ സംഘാടകർ വഹിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
കെ.ആർ.ടി.എം സൊസൈറ്റി, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Archana T**
**Date: 06-03-2026 14:58:52**
സെക്ഷൻ ഓഫീസർ

പകർപ്പ്
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3,വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്